**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 577** **13-01-2021 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ എറണാകുളം ജില്ലയിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | എറണാകുളം ജില്ലയിൽ കായിക വകുപ്പ് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1) മുവാറ്റുപ്പുഴ നിയോജക മണ്ഡലം:- കിഫ്ബി ധനസഹായത്തോടെ ഓരോ ജില്ലയിലും ഒരു ജില്ലാ സ്റ്റേഡിയം നിർമ്മിക്കുന്നതിന്റെ ഭാഗമായി മുവാറ്റുപ്പുഴയിലാണ് എറണാകുളം ജില്ലാ സ്റ്റേഡിയം (ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം) നിർമ്മിക്കുന്നത്. 32.55 കോടി രൂപയുടെ കിഫ്ബി അംഗീകാരവും 32.15 കോടി രൂപയുടെ സാങ്കേതിക അനുമതിയും ലഭിച്ച പദ്ധതിയുടെ 23.25 കോടി രൂപ അടങ്കൽ തുകവരുന്ന സിവിൽ/ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടെൻഡർ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. 2) കോതമംഗലം നിയോജക മണ്ഡലം:- കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ ഭാഗമായി കോതമംഗലം നിയോജക മണ്ഡലത്തിലെ ചേലാട് പോളിടെക്നിക് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 35.48 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ച പദ്ധതി സാങ്കേതിക സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. 3) തൃപ്പൂണിത്തുറ നിയോജക മണ്ഡലം:- കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായികരംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി തൃപ്പൂണിത്തുറ |

| | | | |
|---|---|---|---|
| | | | നിയോജക മണ്ഡലത്തിലെ ഉദയംപേരൂർ വി.ജെ.ബി സ്കൂളിൽ നടപ്പിലാക്കി വരുന്നു. 4) വൈപ്പിൻ, കൊച്ചി നിയോജക മണ്ഡലങ്ങൾ:- ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗരഗ്രാമ പ്രദേശങ്ങളിലെയും/ഗിരിവർഗ്ഗ, കടൽത്തീരമേഖലകളിലെയും കുട്ടികളിൽ നിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കിക്കോഫ്. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 33 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി വൈപ്പിൻ നിയോജക മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്, എളങ്കുന്നപ്പുഴയിലും കൊച്ചി നിയോജക മണ്ഡലത്തിലെ എഡ്വേർഡ് മെമ്മോറിയൽ ജി.ജി.എച്ച്.എസ്.എസ്. ഫോർട്ട് കൊച്ചിയിലും നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക എത്രയെന്നും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വെളിപ്പെടുത്താമോ? | (ബി) | എറണാകുളം ജില്ലയിൽ കായിക വകുപ്പ് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1) മുവാറ്റുപ്പുഴ നിയോജക മണ്ഡലം:- കിഫ്ബി ധനസഹായത്തോടെ ഓരോ ജില്ലയിലും ഒരു ജില്ലാ സ്റ്റേഡിയം നിർമ്മിക്കുന്നതിന്റെ ഭാഗമായി മുവാറ്റുപ്പുഴയിലാണ് എറണാകുളം ജില്ലാ സ്റ്റേഡിയം (ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം) നിർമ്മിക്കുന്നത്. 32.55 കോടി രൂപയുടെ കിഫ്ബി അംഗീകാരവും 32.15 കോടി രൂപയുടെ സാങ്കേതിക അനുമതിയും ലഭിച്ച പദ്ധതിയുടെ 23.25 കോടി രൂപ അടങ്കൽ തുകവരുന്ന സിവിൽ/ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടെൻഡർ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. 2) കോതമംഗലം നിയോജക മണ്ഡലം:- കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ ഭാഗമായി കോതമംഗലം നിയോജക മണ്ഡലത്തിലെ ചേലാട് പോളിടെക്നിക് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 35.48 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ച പദ്ധതി സാങ്കേതിക സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച തുടർ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതാണ്. 3) തൃപ്പൂണിത്തുറ നിയോജക മണ്ഡലം:- കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായികരംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ ഉദയംപേരൂർ വി.ജെ.ബി സ്കൂളിൽ നടപ്പിലാക്കി വരുന്നു. 4) വൈപ്പിൻ, കൊച്ചി നിയോജക മണ്ഡലങ്ങൾ:- ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗരഗ്രാമ പ്രദേശങ്ങളിലെയും/ഗിരിവർഗ്ഗ, കടൽത്തീരമേഖലകളിലെയും കുട്ടികളിൽ നിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കിക്കോഫ്. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 33 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി വൈപ്പിൻ നിയോജക മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്, എളങ്കുന്നപ്പുഴയിലും കൊച്ചി നിയോജക മണ്ഡലത്തിലെ എഡ്വേർഡ് മെമ്മോറിയൽ ജി.ജി.എച്ച്.എസ്.എസ്. ഫോർട്ട് കൊച്ചിയിലും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ